# ആത്മകഥനം സൗന്ദര്യശാസ്ത്രത്തിനപ്പുറം

**അനു ഡേവിഡ്**
ഗവേഷക, ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ.

ആശയത്തിന്റെയും ഭാഷയുടെയും കലയാണ് സാഹിത്യം. സാഹിത്യത്തിന്റെ അസംസ്കൃതവിഭവം സൗന്ദര്യമയമാകുമ്പോഴേ സാഹിത്യമാകുകയുള്ളൂ. ജീവിതാനുഭവങ്ങളിൽനിന്നാണ് സാഹിത്യം ഉടലെടുക്കുന്നത്. ആശയം അനുഭൂതിയായി പരിവർത്തിക്കുമ്പോഴാണ് സാഹിത്യം പൂർണ്ണതയിലെത്തുന്നത്. രചനയും ആസ്വാദനവും തമ്മിലുള്ള ഒന്നുചേരലാണ് സാഹിത്യം എന്നു പറയാം. കവിതയായാലും നോവലായാലും കഥയായാലും രചന എന്നതു പ്രതിഭയുടെ ആവിഷ്കാരമാണ്. ആസ്വാദനം അഭിരുചിയുടെ സ്വകാര്യസമ്പത്തും. പ്രപഞ്ചത്തിലെ ഓരോ ചലനവും കൂടുതൽ ആഴത്തിലും സൂക്ഷ്മരൂപത്തിലും എഴുത്തുകാരനിൽ പതിയും. എഴുത്തുകാരൻ തനിക്കു യോജിച്ച മാർഗ്ഗങ്ങളിലൂടെ സാഹിത്യാവിഷ്കരണം നടത്തുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ, ലോകവ്യാപാരങ്ങളിൽ മുഴുകി ജീവിക്കുന്ന ആസ്വാദകജനത ദീർഘനോവലുകളിൽനിന്നും അകന്നുമാറുവാൻ തുടങ്ങിയപ്പോൾ ഇർവിങ്, ഹാത്തോൺ, അലൻപോ തുടങ്ങിയ കാഥികർ ചെറുകഥ എന്ന സാഹിത്യരൂപം ആവിഷ്കരിച്ചു.

1842-ൽ ഹാത്തോണിന്റെ കഥകളെ വിമർശിച്ച് എഡ്ഗാർ അലൻപോ രചിച്ച ഉപന്യാസത്തിലൂടെയാണ് ചെറുകഥയ്ക്ക് ഒരു നവീകരണം സംഭവിച്ചത്. ബ്രാൻഡ്യൂസ് മാത്യൂസിന്റെ 'ചെറുകഥയുടെ തത്ത്വശാസ്ത്രം' എന്ന പ്രബന്ധത്തിലൂടെയാണ് ചെറുകഥയ്ക്ക് പ്രചുരപ്രചാരം ലഭിച്ചത്. ലോകസാഹിത്യത്തിൽ ചെറുകഥ രൂപപ്പെട്ടുവന്ന 19-ാം നൂറ്റാണ്ട് കാല്പനികതയുടെ സവിശേഷതകൾ നിറഞ്ഞതായിരുന്നു.

ചെറുകഥയുടെ വികാസപരിണാമങ്ങൾ

വാമൊഴിവഴക്കത്തിൽപ്പെട്ട കഥാപാരമ്പര്യമാണ് ഭാരതത്തിനുള്ളത്. തലമുറകൾ കൈമാറിവന്ന അത്തരം കഥകളുടെ കർതൃത്വം സാമൂഹികമാണ്. ജിജ്ഞാസയുണർത്തുന്ന രീതിയിലുള്ള സംഭവാഖ്യാനമാണ് അതിന്റെ പ്രധാനഘടകം. അത്തരം കഥകളുടെ ലക്ഷ്യം ഭാഷയും ശൈലിയും ഒന്നുംനോക്കാതെ കേൾവിക്കാരെ രസിപ്പിക്കുകയോ ധർമ്മപ്രബോധനം നല്കുകയോ ആണ്. ഉല്ലാസവും ഉപദേശവും പകർന്നുകൊണ്ട് മനുഷ്യമനസ്സിനെ അധർമ്മത്തിൽനിന്നും ധർമ്മത്തിലേക്കു നയിക്കുകയാണ് പഴയകഥകളുടെ അടിസ്ഥാനധർമ്മങ്ങൾ. വേദ-ഉപനിഷത്ത് കഥകൾ, പഞ്ചതന്ത്രം കഥകൾ, ബോധിസത്വാപദാനങ്ങളെ പ്രകീർത്തിക്കുന്ന ജാതകകഥകൾ, വിക്രമാദിത്യചരിതം, കഥാസരിത് സാഗരം, ദശകുമാരചരിതം ഇങ്ങനെ ഒട്ടേറെ കഥകളാൽ കഥാസാഹിത്യം സമ്പന്നമാണ്. ജീവിതയാഥാർത്ഥ്യത്തിന്റെ ചിത്രീകരണമാണ് കഥാകഥനത്തിൽ സംഭവ്യമാകുന്നത്. അതിനാൽ അതു സൗന്ദര്യശാസ്ത്രത്തിനപ്പുറമാണ്.

സൗന്ദര്യശാസ്ത്രമെന്നാൽ എല്ലാ കലകളെയും പൊതുവിൽ ബാധിക്കുന്ന കലാവിജ്ഞാനീയമാണ്. കലയുടെ സർഗ്ഗാത്മകതയുടെയും ആസ്വാദനത്തിന്റെയും രഹസ്യങ്ങൾ, കലയ്ക്കു ഭിന്നരൂപമുണ്ടാകുന്നതിലെ സമസ്യകൾ, മനുഷ്യനുമാത്രം കലാപരമായ പ്രവർത്തനം ഉള്ളതിന്റെ കാരണം, മൂല്യബോധത്തിലും സൗന്ദര്യബോധത്തിലും വരുന്ന മാറ്റങ്ങൾ, കലയുടെ വികാസപരിണാമങ്ങൾ, കല, പ്രകൃതി, സമൂഹം തുടങ്ങിയവയുമായുള്ള മനുഷ്യന്റെ സൗന്ദര്യപരമായ ബന്ധങ്ങൾ, കലയും തത്ത്വശാസ്ത്രവും മറ്റു വിജ്ഞാനശാഖകളുമായുള്ള ആന്തരിക ബന്ധങ്ങൾ എന്നിങ്ങനെ മനുഷ്യന്റെ വിചാരജീവിതവുമായി ബന്ധപ്പെട്ടതാണ് സൗന്ദര്യശാസ്ത്രമെന്ന് പ്രൊഫ. പ്രയാർപ്രഭാകരന്റെ 'ഭാരതീയസാഹിത്യശാസ്ത്ര പഠനങ്ങൾ' (പുറം.19) എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. സൗന്ദര്യശാസ്ത്രത്തിന്(ഈസ്റ്റെറ്റിക്സ്) സംവേദനത്തിന്റെ ശാസ്ത്രം, ഇന്ദ്രിയപരമായ അനുഭൂതിയുടെ ശാസ്ത്രം എന്നെല്ലാം അർത്ഥം പറയുന്നുണ്ട്. ആ ശാസ്ത്രശാഖയുടെ ഉപജ്ഞാതാവായ ബംഗാർട്ടൻ ഈസ്റ്റെറ്റിക്സിന് ഇന്ദ്രിയപരമായ അറിവിന്റെ ശാസ്ത്രം എന്ന് നിർവചനമെഴുതി. സംവേദനത്തിന്റെ പൂർണ്ണത സൗന്ദര്യത്തികവിലാണെന്നു കണ്ടപ്പോൾ സൗന്ദര്യത്തിന്റെശാസ്ത്രം എന്നും ഇതിനുപേരിട്ടു. ബനഡിക്റ്റോ ക്രോച്ചേ ആവിഷ്കാരപരമായ എല്ലാ പ്രവർത്തനങ്ങളുടെയും ശാസ്ത്രമെന്ന വിശാലമായ അർത്ഥത്തിലാണ് സൗന്ദര്യശാസ്ത്രത്തെ കണ്ടത്.

ചെറുകഥാസാഹിത്യത്തിലെ ഒന്നാം തലമുറയിൽ തങ്ങളുടെ കഥാവതരണ രീതിയിൽ പ്രശോഭിതരായവരിൽ ചിലരാണ് വേങ്ങയിൽ കുഞ്ഞിരാമൻ നയനാർ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, എം.ആർ.കെ.സി. (സി.കുഞ്ഞിരാമമേനോൻ), അമ്പാടി നാരായണപ്പൊതുവാൾ, മൂർക്കോത്ത് കുമാരൻ, കെ.സുകുമാരൻ, ഈ.വി. കൃഷ്ണ പിള്ള എന്നിവർ. രസിപ്പിക്കാൻ വേണ്ടി കഥപറയുന്ന രീതിയാണ് മിക്ക കഥാകാരൻമാരും അവലംബിച്ചിരിക്കുന്നത്. ചില കഥകളിൽ കൂട്ടുകുടുബത്തെക്കുറിച്ചും മരുമക്കത്തായത്തെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. അധികം കഥകളിലും പ്രേമമോ വിവാഹമോ ചെറുതരം അമളികളോ കഥാവിഷയമായിട്ടുണ്ട്.

1930 മുതൽ മലയാളചെറുകഥയുടെ സുവർണ്ണദശയായി കണക്കാക്കാം. ചെറുകഥാപ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു ചുക്കാൻപിടിക്കാൻ രംഗത്തെത്തിയ കഥാകൃത്തുക്കളെ നവോത്ഥാനകാഥികർ എന്നുവിശേഷിപ്പിക്കാം. ജീവിതാനുഭവങ്ങളിൽ ഫലിതം ഉൾപ്പെടുത്തിയും അല്ലാതെയും ഭ്രമാത്മകമായ അന്തരീക്ഷങ്ങളിലും പ്രമേയം വികസിപ്പിച്ച്, ശില്പപരവും കലാപരവുമായ പൂർണ്ണതയിലേക്ക് ചെറുകഥയെ നയിച്ച പ്രതിഭാശാലികളായിരുന്നു അവർ. ജീവിതസത്യങ്ങളും സമൂഹസവിശേഷതകളും അവരുടെ കഥകൾക്കു വിഷയീഭവിച്ചു. സ്ത്രീവാദത്തിന്റെ അലയടികളും നവോത്ഥാനകാലഘട്ടത്തിൽ ആസ്വാദക മനസ്സിലേക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ആരംഭിച്ച ആംഗ്ലോ അമേരിക്കൻ സാഹിത്യപ്രസ്ഥാനമാണ് മോഡേണിസം. കഫ്ക, സാർത്ര്, കമ്യൂ, ഷെനെ തുടങ്ങിയ എഴുത്തുകാർ ആധുനികപ്രസ്ഥാനത്തിന്റെ പ്രചാരകരായിരുന്നു. കഥാകഥനം വ്യതിരിക്തമായി. ചെറുകഥ പരിണാമങ്ങൾക്കുവിധേയമായിക്കൊണ്ടിരുന്നു.

ഒരു കാലഘട്ടത്തിൽ കഥാപ്രമേയങ്ങളിൽ സംസ്കാരം, ചരിത്രം, മനശ്ശാസ്ത്രം എന്നിവയെല്ലാം പ്രാധാന്യം ഉണ്ടായി. ഇവയിൽ സംസ്കാരം മനുഷ്യജീവിതത്തെ  വ്യത്യസ്തരീതിയിൽ സ്വാധീനിക്കുന്നുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ വ്യക്തിത്വത്തിന്റെ വളർച്ചയിൽ സമൂഹം ഇടപെടുന്നുണ്ട്. ധൈഷണിക സങ്കല്പങ്ങളിലും സാമ്പ്രദായിക രചനകളിലും ലളിതമായവയിൽ നിന്നും സങ്കീർണ്ണമായവയിലേക്കുള്ള വളർച്ചയിൽ സംസ്കാരം വ്യക്തിജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരുവംശം ഒരുതലമുറയിൽനിന്നും മറ്റൊരുതലമുറയിലേക്കു കൈമാറ്റംചെയ്യുന്ന എല്ലാ ആചാരാനുഷ്ഠാനങ്ങളും പെരുമാറ്റച്ചട്ടങ്ങളും ജീവിതരീതികളും ഉൾച്ചേരുന്നതാണ് സംസ്കാരം. (Boyd R. Mccandless & Ellis D. Evans, Children & Youth Psychological Development, The

Dryden Press, Hinsdale, Illinois,1973, P.19). വ്യക്തിത്വവളർച്ച സംസ്കാരത്തെ സ്വാധീനിച്ചാണിരിക്കുന്നത്. ഇരുപതാം ശതകത്തിന്റെ മദ്ധ്യകാലം മുതൽ അൻപതിലേറെക്കൊല്ലമായി മലയാളസാഹിത്യത്തിന്റെ വളർച്ചയെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന എം.ടി.വാസുദേവൻനായരുടെ കഥകളിൽ സംസ്കാര ഘടകങ്ങളായി പ്രത്യക്ഷപ്പെടുന്നത് കൂടല്ലൂർ ഗ്രാമം, പിറന്ന തറവാടിന്റെ ചിട്ടവട്ടങ്ങൾ, ആചാരനുഷ്ഠാനങ്ങൾ തുടങ്ങിയവയാണ്. ഇവയെല്ലാം എം.ടി.യുടെ വ്യക്തിജീവിതത്തെ വളരെയധികം സ്വാധീനിച്ചവയാണ്.

## എം.ടി കഥകളിൽ ഒരു പഠനം

1933 ജൂലൈ 15-ാംനു മാടത്ത് തെക്കെപ്പാട്ട് ഭവനത്തിൽ ജനിച്ചു വളർന്ന എം.ടി., 1948-ൽ 'ചിത്രകേരളം' മാസികയിൽ പ്രസിദ്ധിപ്പെടുത്തിയ 'വിഷുക്കൈനേട്ടം' എന്ന കഥയോടെയാണ് മലയാളചെറുകഥാസാഹിത്യത്തിൽ നാന്ദികുറിച്ചത്. പ്രകൃതിയുടെയും ജീവിതത്തിന്റെയും പച്ചപ്പുകളിലേക്കു ചേർന്നുനില്ക്കാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ സാഹിത്യരചനയിൽ ഏർപ്പെട്ട എം.ടി.യുടെ കൃതികൾ കലാസൗന്ദര്യം നിറഞ്ഞവയാണ്. സമൂഹത്തോട് പെട്ടന്നു പ്രതികരിക്കാതെ അന്തർമുഖനാകുന്ന എം.ടി.യെ ജന്മനാടിന്റെ സംസ്കാരം വളരെ സ്വാധീനിച്ചു. 'തെരഞ്ഞെടുത്ത കഥക'ളുടെ ആമുഖത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നുണ്ട്. "എന്റെ സാഹിത്യജീവിതത്തിൽ മറ്റെന്തിനോടുമുള്ളതിലധികം ഞാൻ കടപ്പെട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്. എന്റെ ചെറിയ അനുഭവമണ്ഡലത്തിൽപ്പെട്ട സ്ത്രീ പുരുഷന്മാരുടെ കഥകളാണ് എന്റെ സാഹിത്യത്തിൽ ഭൂരിഭാഗവും. മറ്റൊരു നിലയ്ക്കു പറഞ്ഞാൽ എന്റെ തന്നെ കഥകൾ" (അശോകൻ ഏങ്ങണ്ടിയൂർ, 'എം.ടി.യുടെ പാദമുദ്രകൾ',പുറം: 146).

മനോഹരമായ കുന്നിന്റെ നെറുകയിലാണ് മാടത്ത് തെക്കെപ്പാട്ട് ഭവനം സ്ഥിതിചെയ്യുന്നത്. ആ കുന്നിന്മേൽ കയറിനോക്കിയാൽ അഗ്നിഹോത്രിയുടെ തൃത്താലയെയും യജ്ഞേശ്വരത്തെയും തഴുകിവരുന്ന കുന്തിപ്പുഴയെ ചേർത്തുപിടിച്ചു പടിഞ്ഞാറോട്ടൊഴുകുന്ന നിളാനദി ദൃശ്യമാണ്. കിഴക്കുഭാഗത്തു മലനിരകൾക്കിടയിൽ നാറാണത്തുഭ്രാന്തൻ പാറയുരുട്ടിക്കയറ്റിയ രായിരനല്ലൂർ മല. അതിന്റെ ഉച്ചിയിൽ മൂന്നു വൻമരങ്ങൾ, ഞാവൽക്കാട്ടുകൾ: പഴയ തറവാടിന്റെ മഹിമ വിളിച്ചോതുന്ന തെച്ചിയും കണ്ണാന്തളിയും തുമ്പയും ഓണലഹരിയിൽ പൂത്തുനില്ക്കുന്നതു കാണാം. എലഞ്ഞിപ്പൂവിന്റെയും കരിയിലകളുടെയും മണം മുറ്റിനില്ക്കുന്ന മരങ്ങളും ഊഞ്ഞാൽവള്ളികളും നിറഞ്ഞ പാമ്പിൻകാവുകൾ. വേനൽക്കാലത്ത്

സജീവമാകുന്ന ഭാരതപ്പുഴയുടെ മണൽപരപ്പ്. അവയിൽ രാത്രിയിൽ പ്രത്യക്ഷപ്പെടാറുള്ള പൊട്ടിച്ചൂട്ടുകൾ. ഈ കഥാപാത്രങ്ങളും സങ്കല്പങ്ങളും പ്രകൃതിയും എം.ടി.യെ എന്നും ഹരംപിടിപ്പിച്ചിരുന്നു. 'അഭയംതേടി വീണ്ടും', 'അഭയം', 'തെറ്റും തിരുത്തും', 'ഓളവും തീരവും' എന്നീ കഥകളിലെല്ലാം ഈ പുഴയും പ്രകൃതിയും സജീവകഥാപാത്രങ്ങളാണ്.

കൂട്ടുകുടുംബത്തിന്റെയും മരുമക്കത്തായസമ്പ്രദായത്തിന്റെയും സവിശേഷതകൾ എം.ടി.കഥകളിൽ തെളിഞ്ഞുകാണാം. പതിനൊന്നാം നൂറ്റാണ്ടോടുകൂടി നായർ സമുദായത്തിൽ വ്യാപകമായി നിലവിൽവന്ന ദായക്രമമാണ് മരുമക്കത്തായം. ഒരു സ്ത്രീയുടെ മക്കൾ—ആൺമക്കളും പെൺമക്കളും ഒരു തറവാട്ടിൽപ്പെടുന്നു. അമ്മയുടെ സഹോദരനായ അമ്മാവനാണ് കാരണവർ. സങ്കീർണ്ണസ്വഭാവമുള്ള തറവാട്ടിൽ അമ്മയും അവരുടെ ആൺമക്കളും പെൺമക്കളും പെൺമക്കളുടെ മക്കളും ഒന്നിച്ച് ഒരു പൊതുകാരണവരുടെ നിയന്ത്രണത്തിനു വിധേയരായി കഴിയുന്ന പതിവ് ആദ്യകാലത്ത് ഉണ്ടായിരുന്നു. 'ഒരു പിറന്നാളിന്റെ ഓർമ്മ' എന്ന കഥയിൽ ഇത്തരത്തിലുള്ള ഒരു തറവാട് ചിത്രീകരിച്ചിട്ടുണ്ട്.

ചരിത്രപരമായി നോക്കിയാൽ 1912-ൽ തിരുവതാംകൂറിൽ ആദ്യ നായർ റഗുലേഷൻ ആക്ട് പ്രാബല്യത്തിൽവന്നു. പിന്നീട് അതു പല പരിഷ്കാരങ്ങൾക്കു ശേഷം 1933-ൽ 'മദിരാശി മരുമക്കത്തായ ആക്ട്' എന്ന പേരിൽ നിലവിൽവന്നു. ഈ ആക്ടിന്റെ വകുപ്പുകൾ പ്രകാരം നായർ സമുദായത്തിൽ മരുമക്കത്തായം നിയമപരമായി അവസാനിക്കുകയുണ്ടായി. എന്നാൽ നൂറ്റാണ്ടുകളായി ആചരിച്ചുവന്ന ഒരു വ്യവസ്ഥയെ പരിപൂർണ്ണമായി മാറ്റാൻ ഒറ്റദിവസംകൊണ്ട് അസാദ്ധ്യമായതിനാൽ, അതു സൃഷ്ടിച്ച സാമൂഹിക-സാംസ്കാരിക-സാമ്പത്തിക ഘടകങ്ങളും വൈകാരികാനുഭവങ്ങളും തീർത്തും ഇല്ലാതാക്കാൻ വീണ്ടും കാലതാമസം നേരിട്ടു. ഈയൊരു പരിണാമഘട്ടം എം.ടി. കഥകളിൽ കാണാം.

സാഹിത്യം എല്ലായ്പ്പോഴും അത് ഉരുവംകൊണ്ട പ്രദേശത്തിന്റെ ചരിത്രം, ഭൂമിശാസ്ത്രം, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, നാട്ടറിവുകൾ, ആചാരങ്ങൾ എന്നിവയുടെ സ്വാധീനത്തിനു വിധേയമായിട്ടുണ്ട്. ഗ്രാമത്തിന്റെ കാഥികനായി അറിയപ്പെടുന്ന എം.ടി.യുടെ കഥകളിലും ആചാരങ്ങളും ഉത്സവങ്ങളും കെട്ടുകഥകളും ഐതിഹ്യങ്ങളുമെല്ലാം പ്രത്യക്ഷപ്പെടുന്നതു കാണാം. 'ഒടിയൻ', 'സ്ഥലപുരാണം', 'പടക്കം', 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്നീ കഥകളിൽ പ്രകടമാണ്.

അന്ധവിശ്വാസങ്ങളും കെട്ടുകഥകളും കഥയ്ക്കു പുതിയമാനം നല്കുന്നവയാണ്. 'ഇരുട്ടിന്റെ ആത്മാവ്', 'ഒടിയൻ' എന്നീ കഥകൾ ഇതിനു

തെളിവാണ്. മരണശേഷം അനുഷ്ഠിക്കുന്ന കർമ്മങ്ങൾ പരമ്പരാഗതമായി തുടർന്നുപോരുന്ന ഒന്നാണ്. 'വിത്തുകൾ' എന്ന കഥയിൽ അമ്മയുടെ ശ്രാദ്ധകർമ്മങ്ങൾ ചിത്രീകരിച്ചിരിക്കുന്നതു പോലെ ആ സംസ്കാര സവിശേഷതകൾ വായനക്കാരനും ഉൾക്കൊള്ളുവാൻ കഴിയും.

ഉത്സവങ്ങൾ വിശ്വാസങ്ങളുടെ പ്രതീകങ്ങളാണ്. അവ ആഘോഷങ്ങളെന്നതിലുപരി കൂട്ടായ്മയുടെയും പ്രാർത്ഥനയുടെയും അന്തരീക്ഷം സംജാതമാക്കുന്ന ആനന്ദത്തിന്റെ നിമിഷങ്ങളാണ്. 'ഒടിയനിൽ' പരാമർശിച്ചിരിക്കുന്ന കണക്കരുകാവിലെ വേല, 'കുട്ട്യേടത്തി'യിൽ പരാമർശിക്കുന്ന ആര്യാമ്പാടത്തെ കൂത്ത് എന്നിവയെല്ലാം ഗ്രാമത്തിന്റെ സജീവ ചിത്രങ്ങൾ അവതരിപ്പിക്കുന്നവയാണ്.

എം.ടി.യുടെ കഥകളിലൂടെ കടന്നുപോകുമ്പോൾ കഥാകഥനം സൗന്ദര്യശാസ്ത്രത്തിനപ്പുറം ആത്മാനുഭവനിഷ്ഠമായ ചരിത്രവും സംസ്കാരവും ജീവിതസാഹചര്യങ്ങളുമെല്ലാം ഉൾച്ചേരുന്നതാണെന്ന വ്യക്തത ലഭിക്കും. വാമൊഴിയായി കൈമാറിവന്ന മുത്തശ്ശിക്കഥകളിൽനിന്നും അവ തീർത്തും വ്യത്യസ്തമാണ്.

സഹായകഗ്രന്ഥങ്ങൾ:

1. അശോകൻ ഏങ്ങണ്ടിയൂർ, എം.ടി.യുടെ പാദമുദ്രകൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2010.
2. പ്രഭാകരൻ പ്രയാർ, ഭാരതീയസാഹിത്യശാസ്ത്രപഠനങ്ങൾ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 1999.
3. വാസുദേവൻ നായർ എം.ടി., എം.ടി.യുടെ കഥകൾ, ഡി.സി.ബുക്സ്, കോട്ടയം, 2012.
4. Boyd R Mccandless & Ellis D Evans, Children & Youth Psychological Development, The Dryden Press, Hinsdale, Illinois, 1973, P.19